(സി) ഉണ്ടെങ്കിൽ ഈ സർക്കാർ ഉത്തരവിന് കടകവിരുദ്ധമായി ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ച്, എല്ലാ ഗവേഷണ സ്ഥാപനങ്ങളിലെയും പ്രൊമോഷൻ തസ്തികയിൽ ശാസ്ത്ര കൗൺസിൽ നേരിട്ട് അഭിമുഖം നടത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള ശാസ്ത്ര കൗൺസിലിന്റെ നിലവിലുള്ള ചട്ടങ്ങൾ മറികടന്നു കൊണ്ടുള്ള പ്രസ്തുത നിയമന നീക്കങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചട്ടങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപീകരിച്ച പ്രൊമോഷൻ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റി തീരുമാനങ്ങൾ എന്നിവയ്ക്ക് എതിരായി ശ്രീ. അനിൽ കുമാർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 20263/2019-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും പ്രൊമോഷൻ കമ്മിറ്റി രൂപീകരണം സംബന്ധിച്ച ചട്ടങ്ങൾ വ്യക്തമാക്കിക്കൊണ്ടും ടി ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ കൈക്കൊള്ളാമെന്ന് കൗൺസിൽ മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും 17-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 44/2019/ശാ.സാ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി സ്ഥാനക്കയറ്റം നടത്തുന്നതിനായി ഉദ്യോഗസ്ഥരുടെ അഭിമുഖം 28-10-2019, 31-10-2019 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് റദ്ദാക്കുകയുണ്ടായതിനാൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ഏഴാമത് ശമ്പള പരിഷ്കരണം**

28(5412) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ജനുവരി മാസം മുതൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞൻമാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ അനന്തമായി ചില ഉദ്യോഗസ്ഥരുടെ കൈയ്യിൽ തന്നെ വെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരുടെ ഏഴാമത് ശമ്പള പരിഷ്കരണം സംബന്ധിച്ച ശിപാർശ 17-9-2017-ൽ സർക്കാരിൽ ലഭ്യമാകുകയുണ്ടായെങ്കിലും ആയത് വ്യക്തവും അവശ്യ വിശദാംശങ്ങൾ അടങ്ങിയതുമല്ലായിരുന്നു. ആയതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ അടങ്ങിയ ശിപാർശ ആവശ്യപ്പെടുകയും കൗൺസിൽ മെമ്പർ സെക്രട്ടറി 28-2-2019-ൽ തീയതിയിൽ ശിപാർശ സമർപ്പിയ്ക്കുകയുമുണ്ടായി. ടി ശിപാർശയിന്മേൽ കൂടുതൽ വിവരങ്ങൾ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് 2-7-2019-ൽ തീയതിയിൽ കൗൺസിൽ മെമ്പർ സെക്രട്ടറി വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. അവശ്യ വിവരങ്ങൾ ലഭ്യമാക്കി ശിപാർശ ധനകാര്യ വകുപ്പ് പരിഗണിച്ചുവരികയാണ്.

(സി) ഫയൽ നടപടികളിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശിപാർശ സർക്കാർ പരിഗണിച്ച് തീർപ്പാക്കുന്ന മുറയ്ക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാവുന്നതാണ്.

### ഗവേഷണ സ്ഥാപനങ്ങളിലെ സർവ്വീസ് സംബന്ധമായ കേസ്സുകൾ

29(5413) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്; ആയതിൽ നിലവിൽ എത്ര കേസ്സുകൾ ഹൈക്കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly